ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.01.2025**

## പ്രധാനവാർത്തകൾ

1. സ്വാമിത്വ പദ്ധതിയുടെ കീഴിൽ 65 ലക്ഷം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓൺലൈനായി വിതരണം ചെയ്യും.
2. മാലിന്യ നിർമാർജനത്തിന്റെയും പുനരുപയോഗത്തിന്റെയും വെല്ലുവിളികളെ നേരിടുന്നതിൽ യുവമനസ്സുകളെ പ്രചോദിപ്പിക്കണമെന്ന് മന്ത്രി വി ശിവൻകുട്ടി ; കുട്ടികളുടെ അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടിക്ക് തിരുവനന്തപുരത്ത് തുടക്കം.
3. പാറശ്ശാല ഷാരോൺ വധക്കേസിലെ പ്രതികളുടെ ശിക്ഷാ വിധിയിൽ കോടതി അന്തിമ വാദം കേട്ടു. ശിക്ഷാ വിധി മറ്റന്നാൾ
4. കുടുംബശ്രീ ദേശീയ സരസ് മേളയ്ക്ക് ഇന്ന് ചെങ്ങന്നൂരിൽ തുടക്കം.
5. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ നേരിടും. ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളുടെ സെമിഫൈനൽ മത്സരം ഇന്ന്

***********************************

PNU TVPM

## സ്വാമിത്വ പദ്ധതി- പ്രധാനമന്ത്രി

രാജ്യത്തെ ഗ്രാമീണ മേഖലയെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന സ്വാമിത്വ പദ്ധതിയുടെ കീഴിൽ 65 ലക്ഷം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിതരണം ചെയ്യും. പത്ത് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണപ്രദേശങ്ങളിലെയും 50,000-ലധികം ഗ്രാമങ്ങളിലെ വസ്തു ഉടമകൾക്കാണ് പ്രധാനമന്ത്രി ഓൺലൈനായി പ്രോപ്പർട്ടി കാർഡ് നൽകുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സ്വത്തിൻറെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും.

*********************************

PNUTVPM

## ബജറ്റ് സമ്മേളനം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 31 മുതൽ ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ 31-ന് അഭിസംബോധന ചെയ്യും. ഫെബ്രുവരി 1-ന് ബജറ്റ് അവതരിപ്പിക്കും. ബജറ്റ് സമ്മേളനത്തിൻ്റെ ആദ്യ പാദം 31 മുതൽ ഫെബ്രുവരി 13 വരെയും , രണ്ടാം പാദം മാർച്ച് 10 മുതൽ ഏപ്രിൽ 4 വരെയും നടക്കും.

*********************************

## ശിവൻകുട്ടി .... ഇൻട്രോ

മാലിന്യ സംസ്കരണത്തെ കുറിച്ച് ചർച്ച ചെയ്യുക മാത്രമല്ല മാലിന്യ നിർമാർജനത്തിൻറെയും പുനരുപയോഗത്തിൻറെയും വെല്ലുവിളികളെ നേരിടുന്നതിൽ യുവമനസ്സുകളെ പ്രചോദിപ്പിക്കുകയാണ് ശുചിത്വ ഉച്ചകോടി ലക്ഷ്യമിടുന്നതെന്ന്

മന്ത്രി വി ശിവൻകുട്ടി. കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന കുട്ടികളുടെ അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടി തിരുവനന്തപുരത്തു ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹ പങ്കാളിത്തം , നവീകരണം പരിസ്ഥിതി സംരക്ഷണം എന്നീ ആദർശങ്ങൾ ഉൾകൊള്ളുന്ന പ്രവർത്തനങ്ങളുടെ പര്യവസാനമാണ് ഈ ഉച്ചകോടിയെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ് )

***********************************

## ഷാരോൺ വധക്കേസ്-വിധി

തിരുവനന്തപുരം പാറശ്ശാല ഷാരോൺ വധക്കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയുടെയും, മൂന്നാം പ്രതിയായ അമ്മാവൻ നിർമല കുമാറിൻറെയും ശിക്ഷാ വിധിയിൽ കോടതി ഇന്ന് അന്തിമ വാദം കേട്ടു. അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസായതിനാൽ പരമാവധി ശിക്ഷ നല്കണമെന്നായിരുന്നു പ്രോസിക്യൂഷൻ വാദം. എന്നാൽ ഗ്രീഷ്മയ്ക്ക് 24 വയസ്സുമാത്രമാണ് പ്രായമെന്നും തുടർ പഠനത്തിന് പോകണമെന്നും കുറഞ്ഞ ശിക്ഷ നല്കണമെന്നുമാണ് പ്രതിഭാഗം വാദിച്ചത്. കേസിൽ ശിക്ഷാവിധി മറ്റെന്നാൾ പുറപ്പെടുവിക്കും. കഷായത്തിൽ കളനാശിനി കലർത്തിയാണ് ഷാരോണിനെ കൊലപ്പെടുത്തിയത്.

RNU TVPM

***********************************

## മണ്ണാർക്കാട് കേസ് - കോടതി

മണ്ണാർക്കാട് നബീസ വധക്കേസിൽ പ്രതികൾ കുറ്റക്കാരെന്ന് കോടതി . നബീസയുടെ മകളുടെ മകൻ ബഷീർ, ഭാര്യ ഫസീല എന്നിവർ കുറ്റക്കാരെന്നാണ് മണ്ണാർക്കാട് കോടതി പ്രഖ്യാപിച്ചത്. പ്രതികൾക്കുള്ള ശിക്ഷ ഇന്ന് വിധിക്കും. 2016 ജൂൺ

24 ന് ഭക്ഷണത്തിൽ വിഷം കലർത്തി നബീസയെ കൊലപ്പെടുത്തിയെന്നാണ് കേസ്.

*********************************

<u>കുടുംബശ്രീ- സരസ് മേള (ഇൻട്രോ)</u>

കുടുംബശ്രീ ദേശീയ സരസ് മേളയ്ക്ക് ചെങ്ങന്നൂരിൽ ഇന്ന് തുടക്കമാവും. 31 വരെ നീണ്ടുനിൽക്കുന്ന പ്രദർശന വിപണന മേള ചെങ്ങന്നൂർ നഗരസഭ സ്റ്റേഡിയത്തിലാണ് നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി ആർ. രവികുമാർ..**

**(വോയ്സ്)**

*********************************

<u>മൻ കി ബാത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 118-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തത്സമയം പ്രക്ഷേപണത്തിന് ശേഷം മലയാളം പരിഭാഷയും ഉണ്ടാകും. ദൂരദർശനിലും പരിപാടി ലഭ്യമാകും.

*********************************

<u>ബ്രേക്ക്......</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************************

## ക്രമക്കേട്

കോട്ടയം നഗരസഭയുടെ 20 വർഷത്തെ കണക്കുകളിൽ പൊരുത്തക്കേട് കണ്ടെത്തി. മുനിസിപ്പൽ ഡയറക്ടറേറ്റ് ഓഫ് വിജിലൻസ് നടത്തിയ പരിശോധനയിലാണ് 211 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തിയത്. തനത് ഫണ്ടിൽ വിവിധ ബാങ്കുകളിൽ നിക്ഷേപിക്കേണ്ട തുകയാണ് കാണാതായത്. നഗരസഭ അധികൃതർ പരിശോധനയോട് സഹകരിച്ചില്ലെന്നും ആക്ഷേപമുണ്ട്. മുമ്പ് നഗരസഭയിൽ പെൻഷൻ തട്ടിപ്പ് നടത്തിയ കേസിലെ പ്രതി ഇപ്പോഴും ഒളിവിൽ കഴിയുകയാണ്.

RNU TVPM

*************************************

## ചേന്ദമംഗലം - കുറ്റപത്രം

ചേന്ദമംഗലം കൊലപാതകക്കേസിൽ കുറ്റപത്രം അതിവേഗം സമർപ്പിക്കുമെന്ന് എറണാകുളം റൂറൽ എസ് പി വൈഭവ് സക്സേന. മൂന്ന് ഡി വൈ എസ് പി-മാരടങ്ങുന്ന 17 അംഗ സംഘമാണ് കേസ് അന്വേഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം പ്രതി ഋതു ജയനെ കസ്റ്റഡിയിൽ വാങ്ങാൻ പൊലീസ് ഇന്ന് പറവൂർ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ അപേക്ഷ നൽകും. ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ജിതിൻറെ ആരോഗ്യനില ഗുരുതരമായി തന്നെ തുടരുകയാണ്.

**********************************

<u>മകരവിളക്ക് ........ ഇൻട്രോ</u>

മകരവിളക്കുത്സവത്തിൻറെ അഞ്ചാം ദിനമായ ഇന്ന് സന്നിധാനത്ത് തീർഥാടന കാലത്തെ കളഭാഭിഷേകം, നെയ്യഭിഷേകം ഉൾപ്പെടെയുള്ള എല്ലാ അഭിഷേക പൂജകളും പൂർത്തിയായി. രാത്രിയിൽ ശരംകുത്തിയിലേയ്ക്ക് എഴുന്നള്ളത്ത് നടക്കും. നാളെ വരെയാണ് തീർഥാടകർക്ക് ദർശനം നടത്താനാകുക. മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് 20-ന് നടയടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയ്സ്)**

RNU TVPM

**********************************

<u>ബാഡ്മിന്റൺ</u>

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ ഓപ്പൺ ബാഡ്മിൻ്റൺ പുരുഷ ഡബിൾസ് സെമിഫൈനലിൽ ഇന്ത്യൻ ജോഡികളായ ചിരാഗ് ഷെട്ടി-സാത്വിക്സായിരാജ് റാങ്കിറെഡ്ഡി സഖ്യം മലേഷ്യൻ സഖ്യത്തെ ഇന്ന് നേരിടും. ഇന്നലെ വൈകിട്ട് നടന്ന ക്വാർട്ടർ ഫൈനലിൽ ദക്ഷിണ കൊറിയൻ സഖ്യമാത്തെയാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്.

**********************************

<u>ഖോ ഖോ ലോകകപ്പ്</u>

ന്യൂഡൽഹിയിൽ നടക്കുന്ന ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളുടെ സെമിഫൈനൽ മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയാണ് ഇരു ടീമുകളുടെ എതിരാളി.

വനിതകളുടെ മത്സരം രാത്രി എഴ് മണിക്കും പുരുഷന്മാരുടെ മത്സരം 8.15 നുമാണ്.

***********************************

## ഐഎസ്എൽ.

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ഹൈദരാബാദിൽ വൈകിട്ട് 5 നു നടക്കുന്ന മത്സരത്തിൽ ഹൈദരാബാദ് എഫ് സി - ബംഗുളൂരുവിനെ നേരിടും.ഇന്ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് -നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെയും നേരിടും.രാത്രി 7 .30 നു കൊച്ചിയിലാണ് മത്സരം.

***********************************

## കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

RNU TVPM

വായനക്കാർക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ മാധ്യമങ്ങൾ തയ്യാറാകണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. മാധ്യമങ്ങൾ പക്ഷപാതപരമായ വിവരങ്ങൾ നൽകുന്നതാണ് യുവതലമുറ പത്ര മാധ്യമങ്ങളിൽ നിന്ന് അകന്ന് പോകുന്നതിനു കാരണമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. ജന്മഭൂമി ദിനപത്രത്തിന്റെ കണ്ണൂർ എഡിഷൻ പതിനെട്ടാം വാർഷികാഘോഷവും പി. പി .മുകുന്ദൻ സ്മരണികയായ വന്ദേ മുകുന്ദം പ്രകാശനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

***********************************

## മന്ത്രി ഗണേഷ് കുമാർ

സ്വത്തു തർക്കവുമായി ബന്ധപ്പെട്ട കേസിൽ മന്ത്രി കെ ബി ഗണേഷ് കുമാറിന് അനുകൂലമായി ഫോറൻസിക് റിപ്പോർട്ട്. സ്വത്തുക്കൾ ഗണേഷ്കുമാറിൻറെ പേരിലാക്കിയ വിൽപ്പത്രത്തിലെ ഒപ്പ്, പിതാവും മുൻ മന്ത്രിയുമായ ആർ ബാലകൃഷ്ണ പിള്ളയുടേത്

തന്നെയാണെന്ന് ഫോറൻസിക് റിപ്പോർട്ടിൽ പറയുന്നു. ഒപ്പ് വ്യാജമാണെന്ന് ഗണേഷ് കുമാറിൻറെ സഹോദരി നേരത്തെ വാദം ഉന്നയിച്ചിരുന്നു. സത്യം തെളിഞ്ഞതിൽ സന്തോഷമുണ്ടെന്ന് മന്ത്രി സമൂഹമാധ്യമത്തിലൂടെ പ്രതികരിച്ചു.

*********************************

## മഴ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

*********************************

## സ്വർണ വില

സ്വർണ വില കുറഞ്ഞു . സ്വർണം ഗ്രാമിന് 15 രൂപ താഴ്ന്ന് 7,435 രൂപയും, പവന് 120 രൂപ കുറഞ്ഞ് 59,480 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*********************************

## വാനനിരീക്ഷണം

ഗ്രഹ സംയോജനം, പ്ലാനറ്റ് പരേഡ് എന്നീ പ്രതിഭാസങ്ങൾ ടെലിസ്കോപ്പിലൂടെ നിരീക്ഷിക്കാൻ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ആൻഡ് പ്രിയദർശിനി പ്ലാനറ്റേറിയം അവസരമൊരുക്കുന്നു. കാലാവസ്ഥ അനുകൂലമെങ്കിൽ നാളെ വൈകുന്നേരം 6.30 മുതൽ 8 മണി വരെ ഈ സൗകര്യം ലഭ്യമാകും.

*********************************

## റാഗ് ബാഗ് മേള

കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ നടക്കുന്ന റാഗ് ബാഗ് മേള ജനശ്രദ്ധ ആകർഷിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി കലാരംഗത്തെ നവീനവും പരീക്ഷണാത്മകവുമായ കലാവിഷ്കാരങ്ങളെ പരിചയപ്പെടുത്തുന്നതാണ് പരിപാടി. ഇന്ത്യ ഉൾപ്പടെ പത്തു രാജ്യങ്ങളിൽ നിന്നുള്ളവർ മേളയിൽ പങ്കെടുക്കുന്നുണ്ട്. 16 കലാസംഘങ്ങളിൽ നിന്നായി 300 ലേറെ കലാകാരന്മാരാണ് മേളയിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നത്.

************************************

## കേരള വർമ്മ-പുരസ്കാരം

ഈ വർഷത്തെ പന്തളം കേരള വർമ്മ കവിതാ പുരസ്കാരം ശ്രീമതി. വി എം ഗിരിജയുടെ ബുദ്ധപൂർണ്ണിമ എന്ന കവിതാ സമാഹാരത്തിന്. അടുത്തമാസം ഒന്നാം തീയതി പന്തളം ലയൺസ് ക്ലബ്ബിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും. 25,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.

RNU TVPM

************************************

## സാംസ്കാരിക വിനിമയ പരിപാടി

കേന്ദ്ര ആഭ്യന്തര മന്ത്രാലയം, യുവജനകാര്യ കായിക മന്ത്രാലയം നെഹ്റു യുവ കേന്ദ്ര സംഘാതൻ എന്നിവ സംയുക്തമായി മേരാ യുവ ഭാരതിൻ്റെ ഭാഗമായി സംഘടിപ്പിക്കുന്ന പതിനാറാമത് ആദിവാസി യുവജന സാംസ്കാരിക വിനിമയ പരിപാടി ഈ മാസം 20 മുതൽ 26 വരെ എറണാകുളം ഗവണ്മെന്റ് യൂത്ത് ഹോസ്റ്റലിൽ സംഘടിപ്പിക്കും . കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ 20 ന് വൈകീട്ട് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും.

*************************************************************************